# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3165 — 22.06.2012-ലെ മറുപടിക്ക്

## സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്കുള്ള സഹായധനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബാബു എം. പാലിശ്ശേരി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദീകരിക്കുമോ ; | എ) സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നതിന് വ്യവസ്ഥകൾ നിശ്ചയിച്ചിട്ടില്ല. എന്നാൽ സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ആ പ്രവൃത്തി നടത്തുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി അവർ പ്രാവർത്തികമാക്കാൻ പോകുന്ന ക്ഷേമപ്രവൃത്തിയുടെ ഉദ്ദേശലക്ഷ്യങ്ങളും ആവശ്യകതയും ബോധ്യപ്പെടുത്തി സർക്കാരിന് അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷയുടെ ആവശ്യകത കണക്കിലെടുത്ത് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ യഥേഷ്ടാനുമതി നൽകുന്ന നടപടിക്രമമാണ് നിലവിൽ സ്വീകരിച്ച്പോരുന്നത്. |

| | | | |
|---|---|---|---|
| ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തുന്ന പ്രസ്തുത തുക ലഭ്യമാക്കുന്നതിന് സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ ആർക്കാണ് അപേക്ഷ നൽകേണ്ടത് ; ഇത് അനുവദിക്കാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ ; | ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നൽകേണ്ടത്. എന്നാൽ സർക്കാരും ഇക്കാര്യം പരിഗണിച്ച് ഇത്തരം സംഘടനകൾക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിനുള്ള യഥേഷ്ടാനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| സി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കൈമാറ്റം ചെയ്യപ്പെട്ട ഈ തുക വിവിധസന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ടോ ; ഇത്തരത്തിൽ 2012-13 സാമ്പത്തിക വർഷം പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ; | സി) | ഇല്ല. |
| ഡി) | രാഷ്ട്രീയ പാർട്ടികളുടെ ഔദ്യോഗിക ഭാരവാഹികൾ ചെയർമാനായിട്ടുള്ള ഏതെല്ലാം സംഘടനകൾക്ക് ഇക്കാലയളവിൽ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നറിയിക്കുമോ ? | ഡി) | രാഷ്ട്രീയ പാർട്ടികളുടെയോ പ്രസ്ഥാനങ്ങളുടെയോ നേതാക്കൾ എന്ന നിലയിലുള്ള അപേക്ഷകളിന്മേൽ ഇക്കാലയളവിൽ ധനസഹായം അനുവദിച്ചതായി കാണുന്നില്ല. അപേക്ഷിക്കുന്നവരുടെ രാഷ്ട്രീയബന്ധം അവർ വെളിപ്പെടുത്താറില്ല. അത് സർക്കാർ അന്വേഷിക്കാറുമില്ല. |

സെക്ഷൻ ഓഫീസർ